പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1843 07.12.2015 ൽ മറുപടിയ്ക്ക്

## ജനസമ്പർക്ക പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>" ഇ.കെ.വിജയൻ<br>" കെ.രാജു<br>" ജി.എസ് ജയലാൽ | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | |
|---|---|
| എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളിലെല്ലാം കൂടി ആകെ എത്ര അപേക്ഷകൾ ലഭിച്ചു; എത്ര അപേക്ഷകൾ തീർപ്പാക്കാത്തതുണ്ടെന്ന് വെളിപ്പെടുത്തുമോ; | എ) ആകെ 12,50,554 അപേക്ഷകൾ ലഭിച്ചു. 1,21,465 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. |
| ബി) തീർപ്പാകാത്ത അപേക്ഷകളിന്മേൽ ഉള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; പ്രസ്തുത അപേക്ഷകളിൽ തീർപ്പു കല്പിക്കുന്നതിന് എത്ര കാലം വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ; | ബി) കോടതി കേസുകൾ, നിയമപരമായി തടസ്സം നിൽക്കുന്നവ, വിവിധ വകുപ്പുകൾ വഴി തീരുമാനിക്കാനുള്ളവ, നയപരമായും സാങ്കേതികവുമായി നടപടിക്രമങ്ങൾ പൂർത്തിയാകാത്തവ, റീസർവ്വേയുമായി ബന്ധപ്പെട്ട വിഷയങ്ങൾ, അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാകാത്തവ, മാനദണ്ഡത്തിനനുസരിച്ചുള്ള സർട്ടിഫിക്കറ്റുകൾ ഇല്ലാത്തവ എന്നിവയിലാണ് കാലതാമസം നേരിട്ടിട്ടുള്ളത്. ഇവ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) ജനസമ്പർക്ക പരിപാടികളുടെ നടത്തിപ്പിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | സി) നാളിതു വരെ 20,22,85,696/-രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ